# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6551 — 08/11/2016 -ൽ മറുപടിക്ക്

## കൊണ്ടോട്ടി മണ്ഡലത്തിലെ മൂന്ന് പാലിയേറ്റീവ് കെയർ ക്ലിനിക്കുകൾക്ക് വാഹനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| എ) കൊണ്ടോട്ടി മണ്ഡലത്തിലെ മൂന്ന് പാലിയേറ്റീവ് കെയർ ക്ലിനിക്കുകൾക്ക് മുൻസർക്കാരിന്റെ കാലത്ത് ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വാഹനം വാങ്ങുന്നതിന് തുക അനുവദിച്ചുകൊണ്ട് ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ബി) 14/01/2016 ലെ സ.ഉ.(സാധാ)നം. 152/2016/ആ.കു.വ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് വാഹനം ലഭ്യമാക്കി കൊടുക്കേണ്ടത് ആരാണെന്നും ഇതിന് ആർക്കാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | സി) യും ഡി) യും ഇ) യും കൊണ്ടോട്ടി മണ്ഡലത്തിലെ പാലിയേറ്റീവ് കെയർ ക്ലിനിക്കുകളായ പുളിക്കൽ, വാഴക്കാട്, പാലിയേറ്റീവ് കെയർ & ഇന്നവേഷൻ സെന്റർ, തുറക്കൽ എന്നീ സ്ഥാപനങ്ങൾ ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളവയല്ല. കൂടാതെ പ്രസ്തുത ആവശ്യത്തിനായി നീക്കിവെച്ചിട്ടുള്ള ഫണ്ട് 4210-02-800-95 (01) പ്രോജക്ട്സ് അണ്ടർ എൽ.എ.സി.എ-സി.എസ് എന്ന ശീർഷകത്തിലാണ്. ഇത് ആരോഗ്യ വകുപ്പിന്റെ പ്രവർത്തന പരിധിയിൽപ്പെട്ടതല്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങി നൽകുന്നതിന് ആരോഗ്യ വകുപ്പിന് കഴിയില്ല. |
| ഡി) ധനകാര്യ വകുപ്പ് പ്രത്യേക കേസായി പരിഗണിച്ച് ഉത്തരവിറക്കിയിട്ടും പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് വാഹനം ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | |
| ഇ) ഇത് സംബന്ധിച്ച് മലപ്പുറം ഡി.എം.ഒ., ഹെൽത്ത് ഡയറക്ടറേറ്റ് എന്നിവിടങ്ങളിലെ ഫയലിൽ ആവശ്യമായ നിർദ്ദേശം നൽകി വാഹനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എ. യുടെ ആസ് തി വികസന ഫണ്ടിൽ നിന്നും പാലിയേറ്റീവ് കെയർ സെന്ററുകൾക്ക് വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

==========================================================

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ്**

സ.ഉ. (സാധാ) നം. 152/2016/ആ.കു.വ. തീയതി, തിരുവനന്തപുരം, 14.01.2016.

==========================================================

പരാമർശം :- ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എ. യുടെ 15.09.2015 -ലെ കത്ത്.

**ഉത്തരവ്**

കൊണ്ടോട്ടി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എ തന്റെ ആസ് തി വികസന ഫണ്ടിൽ നിന്നും മൂന്ന് പാലിയേറ്റീവ് കെയർ സെന്ററുകൾക്ക് വാഹനം വാങ്ങാൻ അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന മൂന്ന് പാലിയേറ്റീവ് കെയർ സെന്ററുകൾക്ക് ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എ. യുടെ ആസ് തി വികസന ഫണ്ടിൽ നിന്നും 24,70,491/- രൂപ (ഇരുപത്തിനാല് ലക്ഷത്തി എഴുപതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) അനുവദിക്കുന്നതിനുള്ള ശുപാർശ സ്പെഷ്യൽ കേസായി പരിഗണിച്ച് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

1. പാലിയേറ്റീവ് കെയർ ക്ലിനിക്ക്, പുളിക്കൽ
2. പാലിയേറ്റീവ് കെയർ ക്ലിനിക്ക്, വാഴക്കാട്
3. പാലിയേറ്റീവ് കെയർ, റീഹാബിലിറ്റേഷൻ ആന്റ് ഇന്നവേഷൻ സെന്റർ, തുറക്കൽ

ഇത് സംബന്ധിച്ച ചെലവ് '4210-02-800-95(01)-പ്രോജക്ട്സ് അണ്ടർ എൽ.എ.സി - എ.ഡി.എസ് ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം).

**ഡോ. കെ. ഇളങ്കോവൻ**

**സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. മുഹമ്മദുണ്ണി ഹാജി എം.എൽ.എ, കോടാലി ഹൗസ്, വെള്ളുവമ്പ്രം പി.ഒ, മലപ്പുറം, പിൻ - 673 651

ജില്ലാ കളക്ടർ, മലപ്പുറം

ധനകാര്യ വകുപ്പ് (നം. 75004/എൻ.സി-സി1/2015/ധന, തീയതി 20.11.2015 പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള . തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള , തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

പകർപ്പ് :-

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്